13
THURSDAY
JUNE, 2024
DHUL HIJJAH 7, 1445
PAGE 16
2 DHS
UAE

# ഗൾഫ് മാധ്യമം

THE FIRST INTERNATIONAL INDIAN NEWSPAPER
No. 1 IN THE MIDDLE EAST

GULF MADHYAMAM DAILY | GMYM 171 | ISSUE 9066 | BAHRAIN | DUBAI | QATAR | KUWAIT | JEDDAH | RIYADH | DAMMAM | ABHA | OMAN | KOZHIKODE | KOCHI | THIRUVANANTHAPURAM | MALAPPURAM | KANNUR | KOTTAYAM | THRISSUR | BENGALURU







# കുവൈത്ത് തൊഴിലാളി ക്യാമ്പിൽ തീപിടിത്തം



കുവൈത്തിലെ മൻഗഫ് ബ്ലോക്ക് നാലിൽ തീപിടിത്തമുണ്ടായ കെട്ടിടത്തിൽ നടക്കുന്ന രക്ഷാപ്രവർത്തനം

## 49 മരണം

അസ്സലാം

**കുവൈത്ത് സിറ്റി:** കുവൈത്തിലെ തൊഴിലാളി ക്യാമ്പിൽ തീപിടിച്ച് വൻ ദുരന്തം. മലയാളിയുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനിയായ എൻ.ബി.ടി.സിയിലെയും ഹൈവേ സൂപ്പർ മാർക്കറ്റിലെയും ജീവനക്കാരാണ് ദുരന്തത്തിൽപെട്ടത്. മലയാളികളടക്കം 49 പേർ മരിച്ചതായാണ് ഔദ്യോഗിക കണക്ക്. ഒമ്പത് മലയാളികളുടെ മരണം ബന്ധുക്കൾ സ്ഥിരീകരിച്ചു.

കൊല്ലം ഓയൂർ സ്വദേശി ശൂരനാട് വടക്ക് ആനയടി തുണ്ടുവിള വീട്ടിൽ ഉമറുദ്ദീന്റെയും ശോഭിതയുടെയും മകൻ ഷെമീർ (33), കോട്ടയം പാമ്പാടി വിശ്വഭാരതി കോളജിന് സമീപം വാടകക്ക് താമസിക്കുന്ന പാമ്പാടി ഇടിമാരിയിൽ സാബു ഫിലിപ്പിന്റെ മകൻ സ്റ്റെഫിൻ എബ്രഹാം സാബു (29), കാസർകോട് ചെങ്കള കുണ്ടടുക്കത്തെ രഞ്ജിത്ത് (34), ചെറുവത്തൂർ പിലിക്കോട് എരവിൽ സ്വദേശി തൃക്കരിപ്പൂർ ഇളമ്പച്ചിയിൽ താമസിക്കുന്ന പി. കുഞ്ഞിക്കേളു (58), പന്തളം മുടിയൂർക്കോണം ഐരാണിക്കുഴി ശോഭാലയത്തിൽ പരേതനായ ശശിധരന്റെ മകൻ ആകാശ് (32), പത്തനംതിട്ട വാഴമുട്ടം ഈസ്റ്റ് പുളിനിൽക്കുന്നതിൽ വടക്കേതിൽ പി.വി. മുരളീധരൻ നായർ (60), കോന്നി അട്ടച്ചാക്കൽ കൈതക്കുന്ന് ചെന്നശ്ശേരിൽ സജു വർഗീസ് (56), കൊല്ലം പുനലൂർ നരിക്കൽ വാഴവിള അടിവള്ളൂർ സാജൻ വില്ല പുത്തൻ വീട്ടിൽ ജോർജ് പോത്തന്റെയും വത്സമ്മയുടെയും മകൻ സാജൻ ജോർജ് (29), വെളിച്ചിക്കാല വടകോട് വിളയിൽവീട്ടിൽ ഉണ്ണൂണ്ണി-കുഞ്ഞമ്മ ദമ്പതികളുടെ മകൻ ലൂക്കോസ് (48) എന്നിവരുടെ മരണമാണ് സ്ഥിരീകരിച്ചത്.



കുഞ്ഞിക്കേളു

നിരവധി പേർക്ക് സാരമായ പരിക്കേറ്റു. ഇവർ വിവിധ ആശുപത്രിയിൽ ചികിത്സയിലാണ്. ബുധനാഴ്ച പുലർച്ച നാലുമണിക്കാണ് മൻഗഫ് ബ്ലോക്ക് നാലിലെ ആറുനില കെട്ടിടത്തിൽ തീ പടർന്നത്. കെട്ടിടത്തിൽ 196 പേരായിരുന്നു താമസിച്ചിരുന്നത്. തീപിടിത്ത കാരണം വ്യക്തമായിട്ടില്ല.

തൊഴിലാളികൾ ഉറങ്ങുന്നതിനിടെയാണ് തീപിടിത്തം എന്നത് മരണസംഖ്യ ഉയരാൻ കാരണമായി. കെട്ടിടത്തിൽ തീയും പുകയും നിറഞ്ഞതോടെ ശ്വാസംമുട്ടിയാണ് കൂടുതൽ മരണങ്ങളും. തീ പടർന്നതിനെ തുടർന്ന് കെട്ടിടത്തിൽനിന്നും ചിലർ താഴേക്ക് ചാടി. ദുരന്തകാരണം അന്വേഷിക്കാൻ ഉത്തരവായിട്ടുണ്ട്.

**»മരണസംഖ്യ കൂടാൻ സാധ്യത; പലരുടെയും നില ഗുരുതരം**

**»മലയാളിയുടെ ഉടമസ്ഥതയിലുള്ള എൻ.ബി.ടി.സിയിലെ ജീവനക്കാരാണ് അപകടത്തിൽപെട്ടത്**



ഷെമീർ, സ്റ്റെഫിൻ, ആകാശ്, മുരളീധരൻ നായർ, സജു വർഗീസ്, ലൂക്കോസ്, സാജൻ ജോർജ്, രഞ്ജിത്ത്

### ഹെൽപ് ലൈൻ തുടങ്ങി

**കുവൈത്ത് സിറ്റി:** തീപിടിത്ത ദുരന്തത്തിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കുവൈത്തിലെ ഇന്ത്യൻ എംബസി എമർജൻസി ഹെൽപ് ലൈൻ ആരംഭിച്ചു. നമ്പർ: +965 65505246.

### നോർക്ക ഹെൽപ് ഡെസ്ക്

**തിരുവനന്തപുരം:** കുവൈത്ത് തീപിടിത്തത്തിന്റെ സാഹചര്യത്തിൽ നോർക്ക റൂട്സ് ഹെൽപ് ഡെസ്ക് തുടങ്ങി. നമ്പറുകൾ: അനൂപ് മങ്ങാട്ട് +965 90039594, ബിജോയ് +965 66893942, റിച്ചി കെ ജോർജ് +965 60615153, അനിൽ കുമാർ +965 66015200, തോമസ് ശെൽവൻ +965 51714124, രഞ്ജിത്ത് +965 55575492, നവീൻ +965 99861103, അൻസാരി +965 60311882, ജിൻസ് തോമസ് +965 65589453,സുഗതൻ - +96 555464554, ജെ. സജി - + 96599122984. പ്രവാസികൾക്ക് ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്ഡ് കോൾ സർവിസ്) ബന്ധപ്പെടാവുന്നതാണ്.

## ഒമ്പത് മലയാളികളെ തിരിച്ചറിഞ്ഞു

» കത്തിയമർന്ന പ്രവാസ സ്വപ്നങ്ങൾ, ഉറക്കത്തിനിടെ ദുരന്തം • പേജ് 13




